## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 24** **02.03.2020 – ൽ മറുപടിക്ക്.**

## സഞ്ചരിക്കുന്ന റേഷൻ കടകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇഎസ്.ബിജിമോൾ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.എൽദോ എബ്രഹാം :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും ഒറ്റപ്പെട്ട തുരുത്തുകളിൽ കഴിയുന്നവർക്കും റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട". പ്രസ്തുത പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി താലൂക്കുകളിലെ ആദിവാസി ഊരുകളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം, വേലംപുറവ്, ഒഴിക്കല്ല്, കാട്ടാത്തി, കോട്ടാംപാറ എന്നീ കോളനികളിലും റേഷൻ വിതരണം നടത്തിവരുന്നു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരിയം, തേര, ഉറിയംപെട്ടി, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂദാനം, മാനന്തവാടി താലൂക്കിലെ ചുരുളി കോളനികളിലും സഞ്ചരിക്കുന്ന റേഷൻകട ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ ആനവായ് എന്ന ആദിവാസി ഊരിലും ഇടുക്കി ജില്ലയിലെ പതിപ്പള്ളി, മേമുടം, കപ്പക്കാനം, ഉറുമ്പുള്ള് എന്നീ ആദിവാസി മേഖലകളിലും ടി പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കോട്ടൂർ, മണ്ണാംകോണം എന്ന സ്ഥലത്ത് 27.02.2020 ന് ടി പദ്ധതി ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി ഊരുകളിൽ റേഷൻ വിതരണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

(ബി) സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയത് ഏതൊക്കെ മേഖലകളിൽ ആരംഭിക്കുമെന്നറിയിക്കാമോ;

(സി) ആദിവാസി ഊരുകളിൽ എല്ലാ മാസവും സഞ്ചരിക്കുന്ന റേഷൻകട എത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതലയും നിർവ്വഹണവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

കൂടാതെ റോഡ്, റെയിൽവേ, തോട്, പുറമ്പോക്കുകളിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്ക് വീട്ടു നമ്പർ ഇല്ലായെങ്കിൽപോലും റേഷൻകാർഡ് അനുവദിച്ച് റേഷൻ വിതരണം ചെയ്തു വരുന്നു.

(സി) "സഞ്ചരിക്കുന്ന റേഷൻ കട" പദ്ധതി പ്രകാരം 2019 ഡിസംബർ മാസം മുതൽ, ഒരു ദിവസം, തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ നിന്ന് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യങ്ങൾ കോളനികളിൽ എത്തിച്ച് വിതരണം നടത്തി വരുന്നുണ്ട്.

യും

(ഡി) എല്ലാ താലൂക്കുകളിലും അതാത് താലൂക്ക് സപ്ലൈ ആഫീസർമാരുടെ ചുമതലയിലാണ് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നടപ്പിൽ വരുത്തുന്നത്. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റേഷൻകടകളിൽ നിന്നും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നു. പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിന്റെ വാഹനമാണ് റേഷൻ വിതരണത്തിന് ഉപയോഗിക്കുന്നത്.

യും

**സെക്ഷൻ ഓഫീസർ**

Section Officer signed (True copy)